(ബി) എങ്കിൽ പ്രസ്തുത സ്ഥലങ്ങളിൽ റോഡ് വീതി കൂട്ടുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) ഈ ഭാഗത്ത് എവിടെയൊക്കെയാണ് സ്ഥലം അക്വയർ ചെയ്യുന്നതിന് പൊതുമരാമത്ത് വകുപ്പ് നടപടികൾക്കായി റവന്യൂ ഡിപ്പാർട്ടുമെന്റിനോട് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്റ്റേറ്റ് ഹൈവേ 38-ലെ വീതി കുറവുള്ള ഭാഗങ്ങൾ വീതി കൂട്ടുന്നതിനും മറ്റുമായി 815 ലക്ഷം രൂപയുടെ ഒരു ഏകദേശ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ, റോഡുകളും പാലങ്ങളും വിഭാഗം തയ്യാറാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത റോഡ് ഭാഗം വീതികൂട്ടുന്നതിനുവേണ്ടി സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള ശുപാർശകളൊന്നും ഇതുവരെ റവന്യൂ അധികാരികൾക്ക് സമർപ്പിച്ചിട്ടില്ല.

മഞ്ചേരി മിനി സിവിൽ സ്റ്റേഷന്റെ കെട്ടിടം പണി

119 [1348] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരിയിൽ മിനി സിവിൽ സ്റ്റേഷന്റെ കെട്ടിടം പണി എത്രത്തോളമായെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ പണി എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഫൗണ്ടേഷൻ പണി പുരോഗമിച്ചുവരുന്നു.

(ബി) കരാർ പ്രകാരം 28-11-2005-ൽ പണി പൂർത്തീകരിക്കേണ്ടതാണ്.

ചാവക്കാട് മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

120 [1349] ശ്രീ. പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിലെ പണി നടന്നുകൊണ്ടിരിക്കുന്ന ചാവക്കാട് മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം എവിടെവരെയെത്തി;

LIBRARY ARCHIVES Kerala Legislative Assembly